# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4870 14.11.2019-ൽ മറുപടിക്ക്

## പ്ലസ് വൺ വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | എസ്. എസ്. എൽ. സി. പരീക്ഷ കഴിഞ്ഞ് പ്ലസ് വണ്ണിന് ഇതു വരെയും സീറ്റ് കിട്ടാത്ത എത്ര കുട്ടികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | എസ്.എസ്.എൽ.സി പരീക്ഷ പാസ്സായവരിൽ ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷിച്ചിട്ട് ഹയർ സെക്കന്ററിയിൽ പ്രവേശനം ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) | തുടർ പഠനത്തിന് ഈ വിദ്യാർത്ഥികൾക്ക് അവസരമില്ലാതെയായതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | തുടർ പഠനത്തിന് വിദ്യാർത്ഥികൾക്ക് അവസരമില്ലാതായിട്ടില്ല. ഹയർ സെക്കന്ററി ഒന്നാം വർഷ റെഗുലർ പഠനത്തിന് ചേരാത്ത വിദ്യാർത്ഥികൾക്ക് വി.എച്ച്.എസ്.ഇ, പോളിടെക്നിക്ക്, ഐ.റ്റി.ഐ, ഓപ്പൺ സ്കൂൾ മുതലായവ മുഖാന്തിരം തുടർ പഠനത്തിനു അവസരമുണ്ട്. 2019-20 അധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനം പൂർത്തീകരിച്ച ശേഷം എല്ലാ ജില്ലകളിലും സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. |
| (സി) | പത്താം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികളുടെയും പ്ലസ് വൺ സീറ്റുകളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | പത്താം ക്ലാസ് പാസ്സായ വിദ്യാർത്ഥികളുടേയും പ്ലസ് വൺ സീറ്റുകളുടേയും എണ്ണം ജില്ലതിരിച്ച് അനുബന്ധം 2-ആയി ചേർക്കുന്നു. |
| (ഡി) | പ്ലസ് വൺ പ്രവേശനത്തിന് കാത്തിരിക്കുന്ന വിദ്യാർത്ഥികളെ തുടർ പഠനത്തിന് ഏത് രീതിയിൽ സഹായിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 30% സീറ്റുകൾ അധികമായി വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശന സാധ്യത വർദ്ധിപ്പിച്ചിരുന്നു. പ്രവേശനപ്രക്രിയ പൂർത്തിയായശേഷവും എല്ലാ ജില്ലകളിലും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം 1.

| ജില്ല | എസ്.എസ്.എൽ.സി പാസ്സായവരിൽ അപേക്ഷിച്ചിട്ടും ഹയർ സെക്കന്ററിയിൽ പ്രവേശനം ലഭിക്കാത്തവർ |
|---|---|
| തിരുവനന്തപുരം | 2742 |
| കൊല്ലം | 3549 |
| പത്തനംതിട്ട | 618 |
| ആലപ്പുഴ | 1622 |
| കോട്ടയം | 1249 |
| ഇടുക്കി | 949 |
| എറണാകുളം | 2756 |
| തൃശ്ശൂർ | 3799 |
| പാലക്കാട് | 8250 |
| കോഴിക്കോട് | 6234 |
| മലപ്പുറം | 17598 |
| വയനാട് | 1185 |
| കണ്ണൂർ | 2450 |
| കാസർഗോഡ് | 1756 |
| **ആകെ** | **54757** |

സെക്ഷൻ ഓഫീസർ.

അനുബന്ധം 2.

| ജില്ല | 2019 മാർച്ചിൽ എസ് .എസ്.എൽ.സി പരീക്ഷ പാസായ വിദ്യാർത്ഥികളുടെ എണ്ണം | ഒന്നാം വർഷ പ്രവേശനത്തിന് ലഭ്യമായിരുന്ന ഹയർ സെക്കന്ററി സീറ്റുകൾ |
|---|---|---|
| തിരുവനന്തപുരം | 34851 | 39010 |
| കൊല്ലം | 31107 | 33463 |
| പത്തനംതിട്ട | 10780 | 17431 |
| ആലപ്പുഴ | 22552 | 28979 |
| കോട്ടയം | 20141 | 27881 |
| ഇടുക്കി | 11936 | 14933 |
| എറണാകുളം | 32082 | 40564 |
| തൃശ്ശൂർ | 35997 | 40856 |
| പാലക്കാട് | 39815 | 35447 |
| കോഴിക്കോട് | 44074 | 43282 |
| മലപ്പുറം | 78335 | 65809 |
| വയനാട് | 11306 | 11091 |
| കണ്ണൂർ | 33908 | 35622 |
| കാസർഗോഡ് | 18541 | 17938 |
| **ആകെ** | **425425** | **452306** |

സെക്ഷൻ ഓഫീസർ.